# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2379** — **08.05.2017-ന് മറുപടിയ്ക്ക്**

## സർക്കാർ, എയ്ഡഡ് സ്കൂളുകൾ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>,, വി.ടി.ബൽറാം<br>,, അനിൽ അക്കര<br>,, കെ.മുരളീധരൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് സ്കൂളുകൾ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന 1000 സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന കർമ്മ പദ്ധതിയാണ് 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതി മുഖേന വിഭാവന ചെയ്തിട്ടുള്ളത്. ടി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലെയും ഓരോ സ്കൂളുകൾ വീതം 141 സ്കൂളുകളെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനാവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. ആദ്യഘട്ടത്തിൽ മികവിന്റെ കേന്ദ്രമായി ഉയർത്തപ്പെടുന്ന 37 സ്കൂളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കിയിട്ടുണ്ട്. ആയത് KIIFB-പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. KIIFB-യിൽ നിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി |

മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. അദ്ധ്യാപക-അദ്ധ്യയന തലങ്ങളിൽ കാതലായ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ മാറ്റം ഉൾക്കൊണ്ടുകൊണ്ടുള്ള അദ്ധ്യാപക പരിശീലന പരിപാടികളും നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എയ്ഡഡ് സ്ക്കൂളുകൾ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) വികസന സമിതികൾ സ്വരൂപിക്കേണ്ട തുക സ്വരൂപിക്കുന്നതിനായി അവർക്ക് കഴിയുന്നുണ്ടോ; ഇക്കാര്യത്തിലുള്ള ജനങ്ങളുടെ പ്രതികരണം എന്താണെന്ന് വെളിപ്പെടുത്തുമോ?

(ബി) പദ്ധതി നിർവ്വഹണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനുവേണ്ടിയാണ് വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണം ആരംഭിക്കുന്ന മുറയ്ക്ക് വിഭവ സമാഹരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ